# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

| | | | |
|---|---|---|---|
| ക്ലാസ്സ് | : XI | സമയം | : 2 മണിക്കൂർ |
| തീയതി | : 09–12–2018 | മാർക്ക് | : 70 |

**ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 6

1. "ഞാൻ ജീവിക്കുന്നു എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന് ഉദ്ഘോഷിച്ച അപ്പസ്തോലൻ.
(വി. പത്രോസ്, വി. പൗലോസ്, വി. യോഹന്നാൻ)
2. ജീവന്റെ സൃഷ്ടാവും ഉറവിടവും.
(മനുഷ്യൻ, ദൈവം, ഭൂമി)
3. ഇറ്റലിക്കാരിയായ വി. ജാന്ന ബെറേത്ത മോളയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ.
(വി. ജോൺ പോൾ രണ്ടാമൻ, വി. പോൾ ആറാമൻ, വി. ജോൺ 23–ാമൻ)
4. "എന്റെ ദൈവമേ എന്റെ സർവ്വസ്വമേ" എന്നു പറഞ്ഞ വിശുദ്ധൻ.
(വി. ഫ്രാൻസീസ് സേവ്യർ, വി. ഫ്രാൻസീസ് അസ്സീസ്സി, വി. ഡോൺബോസ്കോ)
5. "മനുഷ്യജീവനെ അതിന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ അതീവ ശ്രദ്ധയോടെ സംരക്ഷിക്കണം" എന്നു വ്യക്തമാക്കുന്ന രണ്ടാം വത്തിക്കാൻ പ്രമാണരേഖ.
(സഭ ആധുനികലോകത്തിൽ, മതസ്വാതന്ത്ര്യം, തിരുസ്സഭ)
6. വലിയ തെറ്റുകളെ നിസ്സാരമായി കാണുകയും ചെറിയ തെറ്റുകളെ തെറ്റുകളല്ലെന്ന് കരുതുകയും ചെയ്യുന്ന മനഃസാക്ഷി.
(സംശയ മനഃസാക്ഷി, ചഞ്ചല മനഃസാക്ഷി, ലാഘവ മനഃസാക്ഷി)

**പൂരിപ്പിക്കുക** 6

7. ഒരു വ്യക്തിയുടെ കാഴ്ചപ്പാടുകളെ മുഴുവൻ നിയന്ത്രിക്കുന്ന ഘടകമാണ് ................

8. ............................ വഴിയാണ് പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാനും ശക്തി നേടാനും നമുക്ക് സാധിക്കുന്നത്.

9. ദൈവസന്നിധിയിൽ ദമ്പതിമാർ തമ്മിൽ നടത്തുന്ന ഉടമ്പടിയാണ് ...........................

10. ശരിയായി രൂപീകരിക്കപ്പെട്ട മനഃസാക്ഷിയുടെ സ്വരം ........ന്റെ സ്വരമാണ്.

11. വിവാഹം ഒരു ദൈവവിളി ആയിരിക്കുന്നതുപോലെതന്നെ രക്ഷാകരമായ മറ്റൊരു ദൈവികവിളിയാണ് .....................

12. വിസ്മയങ്ങളുടെ കലവറയായ ഈ പ്രപഞ്ചത്തിലെ അത്ഭുത പ്രതിഭാസമാണ് ................

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **8**

13. മനഃസാക്ഷിയുടെ സ്വരമനുസരിച്ച് ജീവിച്ചതുകൊണ്ട് ഹെൻട്രി എട്ടാമൻ രാജാവിനാൽ വധിക്കപ്പെട്ട വിശുദ്ധൻ.

14. സ്നേഹിക്കാനും ജീവൻ പകരാനും നമ്മെ സഹായിക്കുന്ന സർഗ്ഗശക്തിയും ദൈവദാനവും.

15. "ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു." ഏതു പ്രവാചകനിലൂടെയാണ് ദൈവം ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നത്.

16. എസ് എം വൈ എം (SMYM) ന്റെ പൂർണ്ണരൂപം?

17. മാർപാപ്പ ഇറ്റലിക്കും ലോകം മുഴുവനും വേണ്ടി നല്കുന്ന ഔദ്യോഗിക ആശീർവാദത്തിന്റെ പേര്?

18. ബൈബിളിന്റെ ഗ്രീക്കു തർജ്ജമയുടെ പേര്?

19. ചെറുപുഷ്പ മിഷൻലീഗ് ആരംഭിച്ച വർഷം, തീയതി?

20. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ മാർപാപ്പ?

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** **10**

21. ക്രൈസ്തവ ലോകദർശനത്തിന്റെ അടിസ്ഥാനമെന്ത്?

22. "ഭ്രൂണഹത്യ അനുവദിക്കപ്പെടേണ്ടതല്ല." എന്തുകൊണ്ട്?

23. മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമെന്ത്?

24. ലൈംഗീകത ദൈവദാനമാണെന്ന തിരിച്ചറിവ് നമ്മെ എന്തിനെല്ലാം സഹായിക്കുന്നു?

25. മനുഷ്യന്റെ മഹത്വത്തിനുള്ള അടിസ്ഥാന കാരണമെന്ത്?

**ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. ദൈവത്തിൽ വിശ്വസിക്കുന്നവർ അസ്വസ്ഥരാകേണ്ടതില്ലായെന്ന് വ്യക്തമാക്കുന്ന വചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന്.

27. വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ച് വ്യക്തമാക്കുന്ന വചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന്.

**ഉത്തരം എഴുതുക**

28. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ റീത്തിനെ സംബന്ധിച്ചുള്ള അവബോധം വർത്തമാന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക? **2**

29. "ലൈംഗികത ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരലും സ്നേഹത്തിന്റെ പങ്കുവയ്ക്കലുമാണ്." ലൈംഗികതയെ ദുരുപയോഗം ചെയ്യാൻ പ്രേരിപ്പിക്കുന്ന പ്രവണതകളോടും പ്രസ്ഥാനങ്ങളോടും സാഹചര്യങ്ങളോടും നിങ്ങൾ എങ്ങനെ പ്രതികരിക്കും? **3**

30. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വൈദിക പരിശീലനത്തിൽ പാശ്ചാത്യ മിഷനറിമാർ വരുത്തിയ മാറ്റങ്ങളേവ? **3**

31. കാരുണ്യവധമെന്നാലെന്ത്? കാരുണ്യവധം ലോകരാഷ്ട്രങ്ങൾ നിയമമാക്കി മാറ്റിക്കൊണ്ടിരിക്കുമ്പോൾ അതിനോടുള്ള നിങ്ങളുടെ നിലപാട് വ്യക്തമാക്കുക? **3**

32. ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കുന്നവനിൽ പ്രകടമാകുന്ന പ്രത്യേകതകൾ ഏവ? **4**

33. മനഃസാക്ഷി എന്നാലെന്ത്? ക്രിസ്തീയമനഃസാക്ഷി രൂപീകരണത്തിന് മാർഗ്ഗദർശകമാകുന്ന ഘടകങ്ങൾ ഏവ? വ്യക്തമാക്കുക? **4**

34. ഉദയംപേരൂർ സുനഹദോസ് അസാധുവായതിന്റെ കാരണങ്ങൾ വ്യക്തമാക്കുക? **5**

35. ദുഃഖത്തിന്റെ 4, 5 രഹസ്യങ്ങൾ എഴുതുക? **5**

36. മനുഷ്യജീവന്റെ മഹത്വത്തിനുള്ള അടിസ്ഥാന കാരണങ്ങൾ ഏതെല്ലാം? ജീവസംസ്ക്കാരം വളർത്താൻ നാമെന്തെല്ലാം ചെയ്യണം? വിശദമാക്കുക? **6**